**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4380** **06-03-2023 - ൽ മറുപടിയ്ക്ക്**

**കരകൗശലമേഖലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കരകൗശലമേഖലയുടെ വികസനത്തിന് എന്തെല്ലാം സ്കീമുകളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | കരകൗശല മേഖലയുടെ വളർച്ചയ്ക്കായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികളിൽ പ്രധാന പങ്കുവഹിക്കുന്ന കേരളാ സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി **(സുരഭി)** യ്ക്ക് കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനതല സ്ഥാപനങ്ങൾ ക്കുള്ള ധനസഹായ പദ്ധതി, ആധുനിക വൽക്കരണം, ഡിസൈൻ വികസനം തുടങ്ങിയ ആവശ്യങ്ങൾക്കായി 2022-23 സാമ്പത്തിക വർഷം 25 ലക്ഷം രൂപ നൽകിയിരുന്നു. കൂടാതെ കാഡ്കോയ്ക്കും ഇതേ ആവശ്യത്തിന് 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കരകൗശല മേഖലയിൽ പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ ബജറ്റ് വിഹിതം നീക്കി വച്ചിട്ടുണ്ട്.<br><br>**കരകൗശല** വികസന കോർപ്പറേഷൻ പുതിയ ഡിസൈനിലുള്ള ഉൽപന്നങ്ങൾ വികസിപ്പിക്കുക പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപാദനവും വിപണനവും വർദ്ധിപ്പിക്കുക എന്നീ പദ്ധതികൾ നിലവിൽ നടത്തി വരുന്നു. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടെ കരകൗശല തൊഴിലാളികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കി വരുന്നു. കൂടാതെ ആധുനികവൽക്കരണം പൊതുസൗകര്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ തുടങ്ങിയ പദ്ധതികൾക്കായി ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് 173 ലക്ഷം രൂപയും സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി 127 ലക്ഷം രൂപയും കരകൗശല വികസന കോർപ്പറേഷന് അനുവദിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | പരമ്പരാഗത കൈത്തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്നവരെ ഒരുകുടക്കീഴിൽ കൊണ്ടു വരിക എന്ന ഉദ്ദേശത്തോടെ **കാഡ്കോ** ആർട്ടിസാൻസ് ലേബർ ഡേറ്റാ ബാങ്ക് , പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ 20,000ത്തോളം ആർട്ടിസാൻമാർ ലേബർ ഡേറ്റാ ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരമ്പരാഗത സ്വർണ്ണ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ഗോൾഡ് അപ്രൈസർ സബ് സ്റ്റാഫ് ട്രെയിനിംഗ് പ്രോഗ്രാം കാഡ്കോ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി Gem and Jewelley Skill Council of India, National Council of Vocational Training എന്നിവയുമായി ചേർന്ന് നടത്തുന്ന പ്രോഗ്രാം 14 ജില്ലകളിൽ നിന്ന് ആദ്യഘട്ടത്തിൽ 420 പരമ്പരാഗത ആർട്ടിസാന്മാർക്ക് ട്രെയിനിംഗ് നൽകുന്നതിനായി ഉദ്ദേശിയ്ക്കുന്നു. പരിശീലനം പൂർത്തീകരിക്കുന്നവർക്ക് കാഡ്കോയും Govt. of India യുടെ GJSCI യുമായി സംയോജിതമായി സർട്ടിഫിക്കറ്റ് നൽകുന്നതിനും കാഡ്കോ ലക്ഷ്യമിടുന്നു. ടി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് വിവിധ സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ ബാങ്കുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ പരമ്പരാഗത സ്വർണ്ണതൊഴിലാളികൾക്ക് അപ്രൈസർമാരായി തൊഴിൽ ലഭ്യമാക്കുവാൻ സാധിക്കുന്നു. സർവ്വീസ് ആന്റ് സപ്ലൈ പദ്ധതി പ്രകാരം വിവിധ സർക്കാർ സ്ഥാപനത്തിലേയ്ക്ക് ആർട്ടിസാൻ/ആർട്ടിസാൻ യൂണിറ്റ് മുഖാന്തിരം ഫർണിച്ചർ വിതരണം, ഇന്റീരിയർ ഫർണിഷിംഗ് പൊതുവിദ്യാലയ നവീകരണം എന്നിവ നിർവ്വഹിച്ചു വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 52 കോടി രൂപയുടെ വിറ്റുവരവ് കാഡ്കോ നേടിയിരുന്നു. 2 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് കാഡ്കോയ്ക്ക് സാധിച്ചു.<br><br>കൊല്ലം ഉമയനെല്ലൂരിൽ ആർട്ടിസാൻമാർക്കായി പൊതുസേവന കേന്ദ്രം കാഡ്കോ ഇതിനോടകം സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട് . ഇതുകൂടാതെ കേരളത്തിലെ മറ്റ് 13ജില്ലകളിലും പരമ്പരാഗത കൈത്തൊഴി ലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പൊതു സേവനകേന്ദ്രങ്ങൾ തുടങ്ങുന്നതിന് കാഡ്കോ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ